**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 871** **09-10-2024 - ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏറനാട് മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ നഗറുകൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണ പുരോഗതി ഏതുവരെയായെന്നും അറിയിക്കാമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം 2024-25 വർഷത്തേയ്ക്ക് പുതുതായി ഉൾപ്പെടുത്തിയ നഗറുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | 2024-25വർഷത്തേയ്ക്ക് അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ നഗറുകളെ ഉൾപ്പെടുത്തിയുള്ള ഉത്തരവ് പുറപ്പെടുവിച്ചില്ല. |
| (സി) | പ്രസ്തുത പദ്ധതിയുടെ കീഴിൽ ചെയ്തു വരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | ഉൾറോഡ് നിർമ്മാണം, നടപ്പാത നിർമ്മാണം, സംരക്ഷണ ഭിത്തി നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നീ പ്രവൃത്തികളാണ് 2023-24 വർഷത്തെ കൊടിഞ്ഞാറുപൊയിൽ എസ്.സി. നഗറിന്റെ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>ഉൾറോഡ് നിർമ്മാണം, നടപ്പാത നിർമ്മാണം, ശ്മശാന നവീകരണം, സംരക്ഷണ ഭിത്തി നിർമ്മാണം, കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം, കിണറുകളുടെ നവീകരണം, ഭവന പുനരുദ്ധാരണം എന്നീ പ്രവൃത്തികളാണ് 2023-24 വർഷത്തെ പാലപ്പറമ്പ് എസ്.സി. നഗറിന്റെ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പര് | തെരഞ്ഞെടുത്ത നഗറിന്റെ പേര് & തെരഞ്ഞെടുത്ത വര്‍ഷം | പഞ്ചായത്തിന്റെ പേര് | റിമാര്‍ക്സ് |
|---|---|---|---|
| 1 | പാലപ്പറമ്പ് നഗര്‍ (2023-24) | ചീക്കോട് | 1) 10.09.2024 ല്‍ പദ്ധതി പ്രവര്‍ത്തി ആരംഭിച്ചു.<br>2) സാംസ്കാരിക നിലയത്തിന്റെ പടവ് പ്രവര്‍ത്തി റൂഫിന്റെ ഉയരത്തില്‍ എത്തിയിട്ടുണ്ട്.<br>3) നടപ്പാതകളുടെ Formation നടന്നുകൊണ്ടിരിക്കുന്നു.<br>4) ശ്മശാനത്തിന്റെ ചുറ്റുമതിലിന്റെ പ്രവര്‍ത്തി തുടരുന്നു. |
| 2 | കൊടിഞ്ഞാറുപൊയില്‍ (2023-24) | എടവണ്ണ | 1. 08.08.2024 ല്‍ പദ്ധതി പ്രവര്‍ത്തി ആരംഭിച്ചു.<br>2. 3 ഭവനങ്ങളുടെ പുനരുദ്ധാരണ പ്രവര്‍ത്തി പൂര്‍ത്തീകരിച്ചു.<br>3. റോഡിന്റെ പ്രവര്‍ത്തിയും 2 ഭവനങ്ങളുടെ റൂഫിന്റെ പുനരുദ്ധാരണം പ്രവര്‍ത്തിയും ഉടന്‍ ആരംഭിക്കുന്നതാണെന്ന് നിര്‍വ്വഹണ ഏജന്‍സിയായ ജില്ലാ നിര്‍മ്മിതി കേന്ദ്രം അറിയിച്ചു. |
| 3 | | ഊര്‍ങ്ങാട്ടിരി | പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റില്‍ ഉള്‍പ്പെട്ട റീട്ടെയിനിംഗ് വാള്‍ സംബന്ധിച്ചുള്ള റിപ്പോര്‍ട്ട് |

| | | | |
|---|---|---|---|
| | കരിപ്പത്തിച്ചാലിൽ നഗർ, (2023-24) | | ആവശ്യമുള്ളതിനാൽ ന്യൂനത പരിഹരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.ന്യൂനത പരിഹരിച്ച് ലഭ്യമായാലുടൻ എസ്റ്റിമേറ്റ് അംഗീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |